പ്രസ്സ് റിലീസ്

# റിസർവ് ബാങ്ക് ഓഫ് ഇൻഡ്യ

**www.rbi.org.in**
**email : helpdoc@rbi.org.in**

**വാർത്താവിനിമയ വിഭാഗം**
സെൻട്രൽ ഓഫീസ്, എസ്. ബി. എസ്. മാർഗ്, മുംബൈ - 400001
ഫോൺ : 91 22 2266 0502 ഫാക്സ് : 91 22 22660358

മാര്ച്ച് 29, 2016

## (₹) 1 അടയാളവും, ഇടയില് ചേര്ത്ത് 'L' അക്ഷരവുമുള്ള ഒരു രൂപാ കറന്സി നോട്ടിന്റെ വിതരണം

റിസര്വ് ബാങ്ക്, താമസിയാതെ ഒരു രൂപ കറന്സി നോട്ടുകള് പുറത്തിറക്കുന്നതാണ്. ഈ നോട്ടുകള് ഇന്ഡ്യാഗവര്ണമെന്റ് അച്ചടിച്ചിട്ടുള്ള താണ്.

കോയ്നേജ് ആക്ട് 2011 - ല് രേഖപ്പെടുത്തിയിട്ടുള്ളതുപോലെ ഈ കറന്സി നോട്ടുകള് നിയമപരമായി വിനിമയം ചെയ്യപ്പെടാവുന്നവയാണ്. ഇപ്പോള് നിലവിലുള്ള ഈ വിഭാഗത്തിലെ കറന്സിനോട്ടുകളും നിയമപരമായി വിനിമയം ചെയ്യപ്പെടാവുന്നവയാണ്.

ഈ ഒരു രൂപാ കറന്സിനോട്ടിന്റെ വലിപ്പവും ഉള്ളടക്കങ്ങളും ഗസറ്റ് ഓഫ് ഇന്ഡ്യാ - അസാധാരണം - വിഭാഗം II - സെക്ഷന് 3 - സബ്സെക്ഷന് (i), 24.2.2016 - ലെ നമ്പര് 124 - ആയി പ്രസിദ്ധപ്പെടുത്തിയിട്ടുള്ള, ധനകാര്യ വകുപ്പ് (ഇക്കണോമിക് അഫയേഴ്സ്) - ന്റെ വിഞ്ജാപനത്തില് വിവരിച്ചിട്ടുള്ളതുപൊലെ താഴെ പറയും പ്രകാരമാണ്.

| നോട്ടിന്റെ വിഭാഗം | ആകൃതിയും വലിപ്പവും | പേപ്പറിന്റെ വിവരങ്ങള് |
|---|---|---|
| ഒരു രൂപ കറന്സി നോട്ട് | 9.7 x 6.3 സെ. മീറ്റര് ദീര്ഘ ചതുരാകൃതി | 100 ശതമാനം (പരുത്തി) റാഗ് ഉള്ളടങ്ങിയത്. |
| | | പേപ്പറിന്റെ ഭാരം 90 GSM (ഗ്രാം / സ്കചയര് മീറ്റര്) |
| | | പേപ്പറിന്റെ കനം 110 മൈക്രോണ് |
| | | ബഹുവര്ണ്ണവാട്ടര് മാര്ക്കുകള് - i) 'सत्यमेव जयते' എന്ന വാക്കുകള് |

| | | |
|---|---|---|
| | | രേഖപ്പെടുത്തിയിട്ടില്ലാത്ത അശോക സ്തംഭം<br>ii) മദ്ധ്യഭാഗത്ത് ഗുപ്തരൂപത്തില് 1 എന്ന അക്കം<br>iii) വലത് ഭാഗത്ത് 'भारत' എന്ന് ലംബമായി, ഗുപ്തരൂപത്തില് അടയാളപ്പെടുത്തിയിട്ടുണ്ട്. |

ഒരു രൂപ കറന്സിനോട്ടിന്റെ ഡിസൈന് താഴെ പറയുന്ന പ്രകാരമാണ്.

**മുഖവശം**

'भारत सरकार' എന്ന വാക്കുകള് 'Government of India' എന്ന വാക്കുകള്ക്ക് മുകളില് കാണാം. കൂടാതെ, ഫിനാന്സ് സെക്രട്ടറി ശ്രീ. രത്തന് പി. വതലിന്റെ രണ്ടു ഭാഷകളിലുള്ള കയ്യൊപ്പും, 2016 ല് പുറത്തിറക്കിയ '₹' അടയാളത്തോടുകൂടിയ പുതിയ ഒരു രൂപാ നാണയത്തിന്റെ ശരിപ്പകര്പ്പും, 'सत्यमेव जयते' എന്നും നമ്പര് പാനലില് 'L' എന്ന് ഇടയില് ചേര്ത്ത വലിയ അക്ഷരവും കാണാം. നോട്ടിന്റെ വലതുവശത്ത് കീഴ്ഭാഗത്താണ്, കറുത്ത അക്കങ്ങളുള്ള നമ്പറിംഗ് ഉണ്ടാവുക.

**മറുവശം**

'Government of India' എന്ന് അച്ചടിച്ചിട്ടുള്ളതിന്റെമുകള് ഭാഗത്ത് 'भारत सरकार' എന്നും 2016 എന്ന വര്ഷവും, പുഷ്പങ്ങളുടെ ഡിസൈനിന്റെ പശ്ചാത്തലത്തില് '₹' എന്ന് കാണാവുന്ന ഒരു രൂപ നാണയത്തിന്റെ മാതൃകയും കാണാം. ചുറ്റുമുള്ള പശ്ചാത്തലത്തില് എണ്ണപര്യവേക്ഷണ പ്ലാറ്റ്ഫോമായ 'സാഗര് സാമ്രാട്ടി' ന്റെ ചിത്രവും പതിനഞ്ച് ഭാരതീയ ഭാക്ഷകളില് മൂല്യം രേഖപ്പെടുത്തിയിട്ടുള്ള പാനലും കാണാം. മദ്ധ്യഭാഗത്ത് താഴെ കാണിച്ചിട്ടുള്ളവര്ഷം അന്തര്ദേശീയ അക്കങ്ങളിലാണ്.

**പൊതുവേയുള്ള കളര് സ്കീം.**

ഒരു രൂപ കറന്സിനോട്ടില്, മുന്നിട്ടു നില്ക്കുന്ന നിറം മുഖവശത്ത് പിങ്ക് പച്ചയും, മറുവശത്ത് മറ്റുനിറങ്ങളുമായി ചേര്ന്ന മിശ്രണവുമാണ്.

**പ്രസ്സ്റിലീസ് 2015-2016/2282** **അജിത് പ്രസാദ്**

അസിസ്റ്റന്റ് അഡ്വൈസര്